**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1377** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>വാഹനങ്ങളിൽ വരുത്താവുന്ന മാറ്റങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. ജോയി

ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** മോട്ടോർ വാഹന വകുപ്പിന്റെ നിയമപ്രകാരം വാഹനങ്ങളിൽ വരുത്താവുന്ന മാറ്റങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മോട്ടോർ വാഹന നിയമം 1988-ലെ സെക്ഷൻ 52 പ്രകാരം വാഹനത്തിന്റെ അടിസ്ഥാന ഘടനയിലോ (Basic Structure) അല്ലെങ്കിൽ നിർമാണ സവിശേഷതകളിലോ (Original specification) മാറ്റം വരുത്താത്ത തരത്തിലുള്ള രൂപമാറ്റം (Alteration) അനുവദനീയമാണ്.

**(ബി)** നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാഹനങ്ങളിൽ വരുത്താവുന്ന പുതിയ മാറ്റങ്ങൾ സംബന്ധിച്ച ഉത്തരവുകൾ എന്തെങ്കിലും പുറപ്പെടുവിച്ചിട്ടുണ്ടോ;

**<u>മറുപടി:</u>** ഇല്ല.

**(സി)** നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം വാഹനങ്ങളിൽ മാറ്റം വരുത്തിയതിന് എത്ര രൂപ പിഴ ചുമത്തിയിട്ടുണ്ടെന്നും, ആയതുപ്രകാരം എത്ര രൂപ പിഴ ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

**<u>മറുപടി:</u>** വിവരം ശേഖരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**